# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2749 19.02.2016 ൽ മറുപടിയ്ക്ക്

### സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്തിരുന്ന ഏതെല്ലാം വസ്തുക്കൾക്കാണ് സബ്സിഡി നൽകിയിരുന്നത്; | (എ) എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പൊതു വിതരണ ശൃംഖല വഴി വിതരണം ചെയ്തിരുന്നത് ഉഴുന്ന് (ബോൾ), ഉഴുന്ന് (പിളർന്നത്), വൻപയർ, തുവരപരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, പച്ചരി, ബോധന അരി എന്നിവയാണ്. ഇവ കൂടാതെ ചെറുപയർ, വൻകടല എന്നിവ കേന്ദ്ര സ്ഥാപനമായ M/s. PEC യിൽ നിന്നും സബ്സിഡി നിരക്കിൽ ലഭ്യമാകുന്ന മുറയ്ക്ക് യഥാക്രമം 28 രൂപയ്ക്കും, 27 രൂപയ്ക്കും വിതരണം ചെയ്തിരുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം സബ്സിഡി അനുവദിച്ച ഉല്പന്നങ്ങളിൽ മാറ്റം വരുത്തുകയുണ്ടായോ; ഏതെല്ലാം ഉല്പന്നങ്ങളെയാണ് സബ്സിഡിയിൽ നിന്നും ഒഴിവാക്കിയതെന്നറിയിക്കാമോ;<br><br>(സി) മുൻ സർക്കാരിന്റെ കാലത്ത് 13 ഇന സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിരുന്നുവോ; ഈ സർക്കാരിന്റെ കാലത്ത് 2011 മുതൽ സബ്സിഡി നൽകുന്ന ഉല്പന്നങ്ങളുടെ സബ്സിഡി പിൻവലിക്കുകയുണ്ടായിട്ടുണ്ടോ; ഇനം തിരിച്ചുള്ള കണക്കും വർദ്ധിപ്പിച്ച വിലയുടെ നിരക്കും എത്രയെന്ന് അറിയിക്കാമോ? | (ബി) യും (സി) യും ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവേ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് (പിളർന്നത്), പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടുന്നതും, കൂടുതൽ അളവിൽ ഉപയോഗിക്കുന്നതുമായ ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുക വഴി, ഈ പദ്ധതി പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കി പരിഷ്കരിച്ചു.<br>മുൻ സർക്കാരിന്റെ കാലത്ത് 13 ഇന സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. കഴിഞ്ഞ ഒരു വർഷമായി വില വർദ്ധിപ്പിച്ചിട്ടില്ല. മാത്രവുമല്ല പല ഇനങ്ങൾക്കും വില കുറച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില കി. ഗ്രാമിന് | 6.7.12 ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | 1.8.13 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 24.8.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 6.11.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 1.12.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 01.01.15 ലെ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 26.11.15 ലെ സബ്സിഡി വില | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെറുപയർ | – | 49.00 | 55.00 | 12.24 | 55.00 | 0 | 77.00 | 40 | 74.00 | -3.9 | 74.00 | 0 | 74.00 | 0 |
| 2 | ഉഴുന്ന് ബോൾ | 36.00 | 36.00 | 42.00 | 16.67 | 42.00 | 0 | 76.00 | 80.95 | 66.00 | -13.16 | 66.00 | 0 | 66.00 | 0 |
| 3 | വൻകടല | – | 44.00 | 45.00 | 2.27 | 45.00 | 0 | 45.00 | 0 | 43.00 | -4.4 | 43.00 | 0 | 43.00 | 0 |
| 4 | വൻപയർ | 26.50 | 26.50 | 35.00 | 32.08 | 35.00 | 0 | 49.00 | 40 | 45.00 | -8.16 | 45.00 | 0 | 45.00 | 0 |
| 5 | തുവരപരിപ്പ് | 34.00 | 34.00 | 45.00 | 32.35 | 45.00 | 0 | 67.00 | 48.89 | 65.00 | -2.99 | 65.00 | 0 | 65.00 | 0 |
| 6 | മുളക് | 45.00 | 45.00 | 55.00 | 22.22 | 75.00 | 36.36 | 75.00 | 0 | 75.00 | 0 | 75.00 | 0 | 75.00 | 0 |
| 7 | മല്ലി | 66 | 45.90 | 60.00 | 30.72 | 60.00 | 0 | 112.00 | 86.67 | 112.00 | 0 | 112.00 | 0 | 100.00 | -10.71 |
| 8 | പഞ്ചസാര | 25.00 | 25.00 | 26.00 | 4 | 26.00 | 0 | 27.50 | 5.77 | 25.00 | -9.09 | 25.00 | 0 | 22.00 | -12.00 |
| 9 | പച്ചരി | 16.00 | 16.00 | 21.00 | 31.25 | 23.00 | 9.5 | 23.00 | 0 | 23.00 | 0 | 23.00 | 0 | 23.00 | 0 |
| 10 | കുറുവ അരി | – | 19.00 | 21.00 | 10.53 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 11 | മട്ട അരി | 16.00 | 16.00 | 21.00 | 31.25 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 24.00 | -4.00 |
| 12 | ജയ അരി | – | 21.00 | 21.00 | 0 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 13 | വെളിച്ചെണ്ണ | – | 62.00 | 62.00 | 0 | 125.00 | 101.61 | 151.00 | 20.8 | 139.00 | -7.95 | 130.00 | -6.47 | 110.00 | -15.38 |